Reg. No.: ................................

Name : ...................................

**Second Semester B.A. Degree (CBCSS – Supplementary/One Time Mercy Chance) Examination, April 2024**
**(2014 – 2018 Admissions)**
**CORE COURSE IN MALAYALAM**
**2B02MAL : മലയാള കവിത – ആധുനികം ആധുനികാനന്തരം**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ആധുനികാനന്തര കവിതകളുടെ പ്രമേയപരമായ സവിശേഷതകൾ അമ്മയെ കുളിപ്പിക്കുമ്പോൾ, കറുത്ത കല്ല്, പട്ടാമ്പിപ്പുഴ മണലിൽ എന്നീ കവിതകളെ മുൻനിർത്തി പരിശോധിക്കുക.

2) നിശിതമായ സമൂഹ വിമർശനമാണ് ചെമ്മനം ചാക്കോയുടെ ആക്ഷേപഹാസ്യ കവിതകളുടെ പ്രത്യേകത – 'മമ്മി' എന്ന കവിതയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

3) കാൽപ്പനിക കവിതകളുടെ സവിശേഷതകൾ സ്പന്ദിക്കുന്ന അസ്ഥിമാടത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

4) സമകാലിക ജീവിതാവസ്ഥകളെ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കവിത ആവിഷ്കരിക്കുന്നതെങ്ങനെ ? വിമർശനദൃഷ്ട്യാ പരിശോധിക്കുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

5) ദാമ്പത്യത്തെ വാഴ്ത്തുന്ന കവിതയാണ് 'ഊഞ്ഞാലിൽ'. വിലയിരുത്തുക.

6) പുരുഷ കേന്ദ്രിതമായ ലോകത്തു നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന സ്ത്രീയുടെ ഇച്ഛാശക്തിയാണ് 'തച്ചന്റെ മകൾ' ആവിഷ്കരിക്കുന്നത്. വിവരിക്കുക.

7) പുതിയ കാലത്തിന്റെ ഭാഷാ പ്രവണതകളെ മമ്മി എന്ന കവിതയിൽ ചെമ്മനം ചാക്കോ പരിഹസിക്കുന്നതെങ്ങനെ ?

P.T.O.



8) രാമായണ കഥാസന്ദർഭങ്ങൾക്കുള്ള സമകാലിക വായനയാണ് 'കല്ലഹല്യ' – സമർത്ഥിക്കുക.

9) ഒരു കൂലിപ്പണിക്കാരന്റെ ജീവിത ചിത്രം ബാലചന്ദ്രൻ ചുള്ളിക്കാട് ആവിഷ്കരിക്കുന്നതെങ്ങനെ ? വിവരിക്കുക.

10) 'ആന' എന്ന കവിതയെ മുൻനിർത്തി സുഗതകുമാരിയുടെ പ്രകൃതിബോധത്തെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക. **(4×3=12)**

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11) അമ്മയുടെ അസാന്നിധ്യം സൃഷ്ടിച്ച വൈകാരികാനുഭവത്തെ ആശ്വാസം എന്ന കവിതയിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ ? വിശദീകരിക്കുക.

12) 'കേവലം ഭീരുവല്ല നീയിപ്പൊ, ളേതോ മഹാദേവതാ ചൈതന്യം നിൻ ദേഹത്തിൽ സ്ഫുരിക്കുന്നു' – ഹീരയെ ഇങ്ങനെ വർണിക്കാനിടയായ സാഹചര്യം വ്യക്തമാക്കുക.

13) ''ഒരു നിശാഗന്ധിയായ് വിരിയുന്നിതപ്പൊഴുമൊരു
സ്വപ്നം : വാഗ്ദത്ത ഭൂമി !'' – വിശദമാക്കുക.

14) 'ലോകമെന്നും ദ്രോഹപ്രിയം' എന്നു കവിക്ക് തോന്നാനിടയായ സാഹചര്യങ്ങളെന്തൊക്കെ ?

15) ഒരു മനുഷ്യന്റെ മോക്ഷത്തിനുള്ള മാർഗ്ഗമായി പുരാണങ്ങളെ വള്ളത്തോൾ ചിത്രീകരിക്കുന്നതെങ്ങനെ ?

16) പട്ടാമ്പിപ്പുഴ മണലിൽ എന്ന കവിതയിൽ തെളിയുന്ന പ്രകൃതിദർശനം വിശകലനം ചെയ്യുക. **(4×2=8)**

IV. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) കാൽപ്പനിക കവിതകളുടെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

18) ''എന്തിന്നു ഭാരതധരേ! കരയുന്നു ? പാരതന്ത്ര്യം നിനക്കു വിധി കൽപിതമാണു തായേ'' ഏതു കവിതയിലെ വരികൾ ?

19) പുരാണങ്ങൾ എന്ന വള്ളത്തോൾക്കവിത സാഹിത്യമഞ്ജരി എത്രാമത്തെ ഭാഗത്താണ് ഉൾപ്പെടുന്നത് ?



20) മരിക്കാൻ കിടക്കുന്ന മുത്തശ്ശിയുടെ അവസാനത്തെ ആഗ്രഹം എന്തായിരുന്നു ?

21) ഹീര എന്ന കവിത ഉൾപ്പെടുന്ന കവിതാ സമാഹാരത്തിന്റെ പേര് ?

22) വായ കീറിയ ദൈവം പ്രജ്ഞയിര –
യേക്കുമെന്ന് മുത്തച്ഛനേ ചൊല്ലി പോൽ'. ഇവിടെ പരാമർശിക്കുന്ന മുത്തച്ഛൻ ആര് ?

23) സ്വർഗം, നരകം, പാതാളം, ഭൂമി എന്നിങ്ങനെ നാലു ഖണ്ഡങ്ങളായി രചിക്കപ്പെട്ട കൃതി ?

24) ഇരയിമ്മന്റെ താരാട്ടും ഉണ്ണായിയുടെ പദങ്ങളും കൊണ്ട്
എന്നെ സ്വപ്നങ്ങളിലേക്കുറക്കിക്കിടത്തിയവൾ – എന്ന് കവി വിശേഷിപ്പിക്കുന്നതാരെ ? **(6×1=6)**

---